
# ഗ്രാസിം ഫാക്ടറിക്കു പകരം ജനകീയ വ്യവസായപദ്ധതി



പരിസര മലിനീകരണത്തിന്റെ പര്യായമായിരുന്ന മാവൂരിലെ ഗ്രാസിം ഫാക്ടറിയുടെ സ്ഥാനത്ത് ഈറ്റയും മുളയും അസംസ്കൃത പദാർത്ഥങ്ങളായുപയോഗിക്കുന്നതും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തതുമായ ഒരു ജനകീയ വ്യവസായ സംരംഭത്തിന് സർക്കാരിന്റെ മുൻകൈയിൽ തുടക്കമിടണമെന്ന് ചാലിയാർ സമര ഏകോപന സമിതി വ്യവസായ വകപ്പിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

അസംസ്കൃത പദാർത്ഥങ്ങളുടെ ശേഖരണം, മൂലധനം കണ്ടെത്തൽ, ഉല്പന്നങ്ങളുടെ വൈവിധ്യം എന്നീ മേഖലകളുമായെല്ലാം ബന്ധപ്പെട്ട പ്രയോഗിക നിർദ്ദേശങ്ങളുൾപ്പെടുന്ന വിശദമായ ഒരു കരട് പദ്ധതിയാണ് സമിതി വ്യവസായ വകുപ്പ് സെക്രട്ടറിക്കു സമർപ്പിച്ചിരിക്കുന്നത്. സർക്കാർ അനുകൂല നിലപാടെടുക്കുകയാണെങ്കിൽ ലോകത്തിനു തന്നെ മാതൃകയാവുന്ന ഒരു വ്യവസായിക തൊഴിലാളി പുനരധിവാസ പദ്ധതിയായി ഇതുമാറും

പ്രതിവർഷം അരലക്ഷം ടണ്ണിലേറെ മുളയാണ് ഗ്രാസിംഫാക്ടറി ഉപയോഗിച്ചു വന്നിരുന്നത്. അത്രയും മുള പുതിയ സംരംഭത്തിന് അനുവദിക്കുകയാണെങ്കിൽ മുപ്പതിനായിരത്തിനടുത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകും. അതേ സമയം, ഗ്രാസിം ഉണ്ടാക്കിയിരുന്ന മലിനീകരണ പ്രശ്നം ഒഴിവാക്കുകയും ചെയ്യാം. ഗ്രാസിം ഫാക്ടറിക്കായി സർക്കാർ പാട്ടത്തിനു വിട്ടു കൊടുത്ത 250 ഏക്കർ വരുന്ന സ്ഥലവും അനുബന്ധ അനുസാരികളും തിരിച്ചെടുത്താൽ പുതിയ സംരംഭത്തിനുള്ള അടിത്തറയാകും.

ഗ്രാസിം ഫാക്ടറിയിൽ നിന്നും പിരിച്ചുവിടുന്ന തൊഴിലാളികൾക്ക് മാന്യമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാൻ സർക്കാർ മദ്ധ്യസ്ഥം നടത്തുകയാണെങ്കിൽ, അങ്ങനെ ലഭിക്കുന്ന തുക ഉപയോഗിച്ച് അതേ തൊഴിലാളികൾക്കു തന്നെ പുതിയ സംരംഭത്തിന്റെ പ്രാരംഭ മൂലധനം സ്വരൂപിക്കാനാവും.

മുള ഉപയോഗിച്ച് വ്യാവസായിക പ്രാധാന്യമുള്ള ഒട്ടനവധി ഉൽപന്നങ്ങൾ ചൈനയിൽ നിർമ്മിക്കുന്നുണ്ട്. ഈ സംരംഭത്തിന് ചൈനയിൽ നിന്നുള്ള സാങ്കേതികവിദ്യാ സഹായം ലഭ്യമാക്കാൻ സാധിക്കും. അങ്ങിനെ, ഇന്ത്യയിൽ ഇതുവരെ കണ്ടിട്ടില്ലാത്ത മുള ഉൽപന്നങ്ങളുടെ വിപുലമായ ഒരു നിരതന്നെ പുറത്തിറക്കാനാവും. അത്തരം ഒരു സംരംഭത്തിന് UNDP, FAO തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുടെ സാമ്പത്തിക സഹായം ലഭിക്കാനും ബുദ്ധിമുട്ടുണ്ടാവില്ല.

സമിതിയുടെ ശ്രദ്ധേയമായ ഈ ബദൽ നീക്കത്തിന് പിന്തുണ നൽകാൻ സർക്കാരിന് ഇച്ഛാശക്തിയുണ്ടോ എന്നാണ് ഇനി അറിയേണ്ടത്.